കുന്നു. ആലപ്പുഴ ബസ്സ്റ്റേഷനിലെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാന്റീൻ കെട്ടിടത്തിന്റെയും ജീവനക്കാരുടെ വിശ്രമ മുറികളുടെയും അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. ബസ്സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിട്ടുണ്ട്. ഇതും മറ്റ് അത്യാവശ്യ മരാമത്തു പണികളും സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്തു പൂർത്തിയാക്കുന്നതാണ്. അവിടെ കുറവുള്ള കണ്ടക്ടർമാരെയും മെക്കാനിക്കൽ വിഭാഗത്തിലെ ചാർജ്മാനെയും ട്രാൻസ്ഫർ മുഖാന്തിരം നിയമിക്കുന്നതാണ്. മെക്കാനിക്കൽ വിഭാഗത്തിൽ 8 മെക്കാനിക്കുകളുടെ കുറവാണുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നടത്താൻ യൂണിറ്റ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു സർവ്വീസും ആലപ്പുഴ ഡിപ്പോയിൽനിന്നും മാറ്റാൻ ഉത്തരവ് കൊടുത്തിട്ടില്ല. അംഗം ഉന്നയിച്ച പരാതി പരിശോധിക്കുന്നതാണ്. ആലപ്പുഴ ഡിപ്പോയെ സംബന്ധിച്ചിടത്തോളം അവിടത്തെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ചർച്ച സംഘടിപ്പിക്കുന്നതും സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്ന പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതുമാണ്.

(9) അന്തിക്കാട് പഞ്ചായത്തിൽ ചുഴലിക്കൊടുങ്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ

<u>ശ്രീമതി റോസമ്മ ചാക്കോ</u> : സർ, കഴിഞ്ഞ വ്യാഴാഴ്ച രാവിലെ 8 മണിക്ക് അന്തിക്കാട് പഞ്ചായത്തിൽ ഹരിജൻ സെറ്റിൽമെന്റ് കോളനിക്കും ചുറ്റുമുള്ള കുറച്ച് സ്ഥലവും ചുഴലിക്കൊടുങ്കാറ്റുമൂലം താറുമാറായ സ്ഥിതിയിൽ കിടക്കുകയാണ്. അവിടെ 19 വീടുകൾക്ക് നാശനഷ്ടമുണ്ടായി. 3 വീടുകൾ നിശേഷം നശിച്ചു. ബാക്കി 16 വീടുകളുടെ അടിത്തറയും മേൽക്കൂരയുമെല്ലാം താറുമാറായി കിടക്കുകയാണ്. അവർക്ക് ധനസഹായമായി കളക്ടറേറ്റിൽനിന്നും വീട് നിശേഷം പോയവർക്ക് 3000 രൂപയും ബാക്കിയുള്ളവർക്ക് 500 രൂപയും വീതമാണ് കൊടുത്തത്. ഈ കോളനിയുടെ സ്ഥിതി ദയനീയമാണ്. 4 സെന്റ് സ്ഥലവും ചുറ്റുപാടും വളരെ വൃത്തിഹീനമായി കിടക്കുന്നു. കൂലിപ്പണിക്കുപോലും അവിടെ സൗകര്യമില്ല. അതുകൊണ്ട് ആരോടെങ്കിലും വായ്പ വാങ്ങി വീട് വയ്ക്കാമെന്നു വച്ചാൽ അതിനുള്ള സാഹചര്യവും അവിടെയില്ല. അതുകൊണ്ട് നിരാലംബരായ ആ കോളനി നിവാസികൾക്ക് വീട് നിശേഷം തകർന്നവർക്ക് പുതിയ വീട് വയ്ക്കാൻ കുറഞ്ഞത് 35,000 രൂപ വീതവും മറ്റ് കേടുപാടുകൾ സംഭവിച്ചവർക്ക് 25,000 രൂപ വീതവും നൽകി അവർക്ക് കിടന്നുറങ്ങാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u>) : സർ, ബഹു. മെമ്പർ പറഞ്ഞ സംഭവം അന്തിക്കാട് പഞ്ചായത്തിലാണ് ഉണ്ടായത്. 15-ാം തീയതി രാവിലെ 8.30 മണിക്കാണ് സംഭവമുണ്ടായത്. ചുഴലിക്കൊടുങ്കാറ്റുമൂലം തന്നെയാണ് നാശനഷ്ടങ്ങൾ ഉണ്ടായത്. വീട് നഷ്ടപ്പെട്ടവർക്ക് ഇപ്പോൾ നമ്മൾ കൊടുക്കുന്നത് 15,000 രൂപയാണ്. ഹൗസിംഗ് ബോർഡുമായി ചേർന്ന് 30,000 രൂപയ്ക്ക് വീട് വച്ചുകൊടുക്കുന്നതാണ്. വീട് ആവശ്യപ്പെട്ടാൽ ഹൗസിംഗ് ബോർഡുമായിട്ട് ചേർന്ന് പൂർണ്ണമായിട്ട് വീട് പണിതു തരണമെന്ന് അവർ റിക്വസ്റ്റ് ചെയ്താൽ ഒന്നിച്ച് ആ പൈസ ഹൗസിംഗ് ബോർഡിൽ ഞങ്ങൾ ഏൽപ്പിച്ച് ഒട്ടും കാലതാമസമില്ലാതെ അത് നിർവ്വഹിച്ചുകൊടുക്കും. ഇപ്പോൾ 5000 രൂപ വച്ച് അവർക്ക് അടിയന്തിരമായി സഹായം കൊടുത്തിട്ടുണ്ട്. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

പൈസ ഉടനെതന്നെ കൊടുക്കുന്നതാണ്. ഭാഗികമായി വീട് നഷ്ടപ്പെട്ട 12 പേരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അവർക്ക് അവരുടെ നാശനഷ്ടങ്ങൾ കണക്കാക്കി നഷ്ടപരിഹാരം ഉടനെ കൊടുക്കും. അതിനാവശ്യമായ ഫണ്ട് അവിടെയുണ്ട്. അതുപോലെ മൂന്നുനാലു കുടുംബങ്ങൾ വളരെ പ്രയാസമായ സാഹചര്യത്തിലാണെന്നുള്ളതുകൊണ്ട് അവർക്ക് സൗജന്യ റേഷൻ അവിടെ കൊടുത്തിട്ടുണ്ട്. മറ്റു കുടുംബങ്ങൾക്കും പ്രയാസമുണ്ടെങ്കിൽ അവർക്കും തീർച്ചയായും കൊടുക്കും. അവിടെ കൃഷിനാശം സംഭവിച്ചതിന്റെ കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം അടിയന്തിരമായി കൊടുക്കും. വളരെ ഗൗരവമായിത്തന്നെ അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടി അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. എം.എൽ.എ. അവിടെ എത്തുമ്പോൾ എല്ലാം നിർവ്വഹിച്ചിരിക്കും.

(10) നദികളിൽ നിന്നും മണൽ വാരുന്നത് നിരോധിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എളമരം കരീം : കേരളത്തിലെ 10 നദികളിൽനിന്നും മണൽ വാരുന്നത് നിരോധിച്ചുകൊണ്ടുള്ള കേരള ഹൈക്കോടതിയുടെ ഉത്തരവ് നിലവിൽ വന്നശേഷം, മണൽ ജോലിയിൽ ഏർപ്പെട്ടിരുന്ന 10,000 കണക്കിന് തൊഴിലാളികളും കെട്ടിട നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളും അനുഭവിക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ചാണ് ഞാൻ ഉന്നയിക്കുന്നത്. ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് റവന്യൂ വകുപ്പ് ചില നിരോധനങ്ങൾ ഏർപ്പെടുത്തിയതുകൊണ്ട് നിയന്ത്രിതമായ നിലയിൽ മണൽ വാരുന്നതിന് അനുവാദം നൽകി. മണൽവാരൽ പൂർണ്ണമായി നിരോധിക്കണമെന്ന് ആവശ്യപ്പെടുന്ന പരിസ്ഥിതി മൗലികവാദികൾ നമ്മുടെ നാട്ടിലുണ്ട്. ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. എന്നാൽ പൂർണ്ണമായും നിരോധനം ഏർപ്പെടുത്തുന്നത് പതിനായിരക്കണക്കിന് തൊഴിലാളികളെ വഴിയാധാരമാക്കുകയും നിർമ്മാണ മേഖലയെ പൂർണ്ണമായി സ്തംഭിപ്പിക്കുകയും ചെയ്യും. നമ്മുടെ പൊതുമരാമത്തു വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട് നടത്തേണ്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ പൂർണ്ണമായി സ്തംഭിക്കും. ഈ പ്രശ്നങ്ങൾ വീണ്ടും ചില ട്രേഡ് യൂണിയൻ സംഘടനകൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ചാലിയാർ മണൽവാരൽ തൊളിലാളികളുടെ സംയുക്ത സമരസമിതി ഈ പ്രശ്നം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ചാലിയാർ സംബന്ധിച്ച് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമാനുസൃതമായി ഈ കാര്യത്തിൽ അയവ് വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന്. ഇത് ചാലിയാറിന്റെ മാത്രം പ്രശ്നമല്ല കേരളത്തിലെ എല്ലാ നദികളിലും മണൽ വാരൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നമെന്ന നിലയിൽ നിയന്ത്രിതമായി മണൽ വാരാൻ അനുവാദം നൽകുന്ന ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇതു സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുമായിട്ട് കൂടിയാലോചന നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം. ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. സി. മൊയീൻകുട്ടി എല്ലാവരും ഉൾക്കൊള്ളുന്ന ഒരു നിവേദനം ബഹു. മന്ത്രിക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇവിടെ ബഹു. അംഗം അവതരിപ്പിച്ച പ്രശ്നം സംസ്ഥാന വ്യാപകമായി ഇന്ന് നേരിടുന്ന ഗൗരവമായ ഒരു പ്രശ്നം തന്നെയാണ്. മണൽ എടുക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ പതിനായിരക്കണക്കിന് ചുമട്ടുതൊഴിലാളികളും മണൽ തൊഴി

LIBRARY ARCHIVES Kerala Legislative Assembly